"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - ചൂരൽമല - മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള ഉപജീവനബത്ത സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.190/2026/DMD　തീയതി,തിരുവനന്തപുരം, 17-04-2026

പരാമർശം:- 1. സ.ഉ.(സാധാ) നം. 103/2026/ഡി.എം.ഡി തീയതി 25.02.2026

2. 02.04.2026 തീയതിയിലെ വയനാട് ജില്ലാ കളക്ടറുടെ DCWYD/1637/2025/DM3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2025-26 സാമ്പത്തിക വർഷം (2026 മാർച്ച് വരെ) ചൂരൽമല - മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള ഉപജീവനബത്ത അനുവദിക്കുന്നതിനായി ₹2,13,30,000/-രൂപയും, 2026-27 സാമ്പത്തിക വർഷം (2026 ഏപ്രിൽ മുതൽ ജൂൺ വരെ) ഉപജീവനബത്ത അനുവദിക്കുന്നതിനായി ₹3,19,95,000/- രൂപയും ചേർത്ത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആകെ ₹6,00,00,000/- (ആറ് കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ദുരന്ത ബാധിതർക്ക് ഉപജീവനബത്ത അനുവദിച്ച് വരുന്ന ശിർഷകത്തിലെ ബാലൻസ് തുക 2025-26 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ സ്വമേധയാ സറണ്ടർ ആയി പോയതായി വയനാട് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സർക്കാർ 2026-27 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ആദ്യ പാദത്തിലെ ഉപജീവനബത്ത പരാമർശം (1) പ്രകാരം അനുവദിച്ചിരിന്നുവെങ്കിലും പ്രസ്തുത തുക വയനാട് ജില്ലാ കളക്ടർ ബന്ധപെട്ട അക്കൗണ്ടിലേക്കു മാറ്റാഞ്ഞതിനാൽ ഫണ്ട് ലാപ്സായതായി കാണുന്നു .

മേൽസാഹചര്യത്തിൽ ചൂരൽമല - മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള ഉപജീവനബത്ത തുടർന്നുള്ള മൂന്ന് മാസങ്ങളിൽ (2026 ഏപ്രിൽ, 2026 മെയ് 1, 2026 ജൂൺ ) അനുവദിക്കുന്നതിന്

വേണ്ടി, ₹3,19,95,000/- (മൂന്ന് കോടി പത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3) നടപ്പ് സാമ്പത്തിക വർഷത്തിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94-01 Flood and Other Items എന്ന ശീർഷകത്തിൽ നിന്നും ഈ തുക വിനിയോഗിക്കേണ്ടതും, തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

4)ഈ തുക ജില്ലാ കളക്ടർക്ക് അനുവദിക്കാനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് ഇലക്ടറൽ ഓഫീസർ, കേരളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
റവന്യൂ (ഡി.ആർ.എഫ് - സി ) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 17-04-2026 19:47:41
സെക്ഷൻ ഓഫീസർ